പല പ്രാവശ്യം അതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. കൈത്തറി മേഖലയിലെ പ്രശ്നം കേവലം റിബേറ്റ് നൽകൽ മാത്രമല്ല; റിബേറ്റ് എന്നുള്ളത് താൽക്കാലിക ആശ്വാസം മാത്രമാണ്. അതിന് എത്ര പണം കൊടുത്താലും എല്ലാ ഗവൺമെന്റിന്റെ കാലത്തും പിന്നെയും പിന്നെയും കൊടുക്കും. അതുപോലെ തന്നെ പോരായ്മയുണ്ടാകുകയും ചെയ്യും. ഇപ്പോൾ കേന്ദ്രം ഈ സഹായം നിറുത്തലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റേതായ സാമ്പത്തിക ബുദ്ധിമുട്ട് കൂടുതൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തന്നെ ബഡ്ജറ്റിൽ നിന്നൊക്കെ ഡീവിയേറ്റ് ചെയ്ത് പാക്കേജ് എന്നുള്ള നിലയിൽ പണം കൊടുക്കാനുണ്ടായ കാരണം അതാണ്. ടോട്ടൽ കണക്ക് നോക്കുകയാണെങ്കിൽ മുൻവർഷത്തേക്കാൾ കൂടുതൽ പണം കൊടുത്തിട്ടുണ്ട്. അതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കുകയില്ല. മാർക്കറ്റിംഗിനുള്ള സാദ്ധ്യതകൾ അതുപോലെതന്നെ ഡിസൈനിലൊക്കെ ഇപ്പോൾ വന്നിരിക്കുന്ന കോമ്പറ്റീഷൻ അങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതാണ് ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ യോഗത്തിലൊക്കെ ചർച്ച ചെയ്തത്. ആ ചർച്ചയിലുണ്ടായ തീരുമാനങ്ങൾ വളരെ സീരിയസ്സായി ഗവൺമെന്റ് പരിഗണിച്ചു വരുകയാണ്. മാത്രമല്ല, അതിനൊക്കെ വലിയ സാമ്പത്തിക ബാദ്ധ്യതയുമുണ്ട്. എന്നാലും ഒരു മുൻഗണന എന്നുള്ള നിലയിൽ കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനും കൈത്തറി മേഖലയെ സജീവമാക്കുവാനും ഒട്ടേറെ നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. ആ നടപടികൾ മുഴുവൻ ഇവിടെ വായിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ക്ലസ്റ്റർ രൂപീകരണം, ആധുനികവൽക്കരണം, ഡിസൈനിംഗിലുള്ള ട്രെയിനിംഗ്, സാമ്പത്തിക സഹായം ഉൾപ്പെടെ എല്ലാ കാര്യങ്ങളും ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൈത്തറി മേഖലയ്ക്ക് ഏറ്റവും മുൻഗണന കൊടുത്ത് വളരെയധികം ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന ആ മേഖലയെ ശക്തമാക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് എടുക്കുന്നതാണ്. ആവശ്യമെങ്കിൽ എല്ലാപേരുമായും ചർച്ച ചെയ്യാനും തയ്യാറാണ്.

ശ്രീ. പി. ജയരാജൻ: കൈത്തറി മേഖലയിൽ പ്രധാനപ്പെട്ടത് സഹകരണ സംഘങ്ങളാണ്. ആ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കൈത്തറി തുണി പകുതി വിലയ്ക്കെങ്കിലും വിറ്റഴിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതൊക്കെ ഈ പറഞ്ഞ പ്രൊപ്പോസലിൽപ്പെടും. പക്ഷേ ബാദ്ധ്യത വളരെ കൂടുതലായതുകൊണ്ട് ലിമിറ്റേഷൻസ് ഉണ്ട് എന്നേയുള്ളൂ. എന്നാലും ഈ കാര്യത്തിൽ കൂടുതൽ ശ്രമിക്കുന്നതാണ്.

(2) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വളരെയേറെ ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്ന ഒരു ജനവിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. നാളിതു വരെയുള്ള സർക്കാർ ഒട്ടേറെ പദ്ധതികൾ ഇവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായിട്ട് നടപ്പിലാക്കിയിട്ടുണ്ട്. അതിനായി സർക്കാർ ഖജനാവിൽ നിന്ന് ഏറെ കോടികൾ ചെലവഴിച്ചിട്ടുമുണ്ട്. ഇത്രയൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടും വളരെയേറെ പണം

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കിയിട്ടും ഇന്നും മത്സ്യത്തൊഴിലാളികൾ പ്രശ്നങ്ങളുടെ നടുക്കടലിലാണ്. പകലന്തിയോളം ജോലി ചെയ്താലും പഞ്ഞമാസം വരുമ്പോൾ അവർ ഇന്നും പട്ടിണിയിലാണ്. ഇപ്പോൾ നടക്കുന്ന പദ്ധതികളും ഇതുപോലെ തന്നെയാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് വേണ്ട രീതിയിലുള്ള പരിഹാരം കാണാൻ കഴിയുന്നില്ല. ചില ഉദാഹരണങ്ങൾ ഇവിടെ പറയുകയാണ്. അതിലൊന്നാണ് സേവിംഗ്സ് കം റിലീഫ് സ്കീം. ഇതിൽ മുമ്പ് മത്സ്യത്തൊഴിലാളി അടയ്ക്കുന്ന തുകയുടെ ഇരട്ടി തുക കേന്ദ്ര ഗവൺമെന്റും സംസ്ഥാന സർക്കാരും കൂടി നൽകിയിരുന്നു. മൂന്നിലൊന്ന് തുക മത്സ്യത്തൊഴിലാളി അടയ്ക്കുമ്പോൾ മൂന്നിൽ രണ്ട് ഭാഗം കേന്ദ്ര ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും കൊടുത്തിരുന്നു. ഇന്ന് കേന്ദ്ര ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും കൂടി മത്സ്യത്തൊഴിലാളി അടയ്ക്കുന്ന അതേ തുകയാണ് നൽകുന്നത്. മാത്രവുമല്ല ഈ സംഖ്യ പഞ്ഞ മാസങ്ങളിലെ പട്ടിണി മാറ്റാൻ തികയുകയുമില്ല. അതുപോലെ നിരവധി ഹൗസിംഗ് സ്കീമുകൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ ഇന്നും വീടുകൾ ഇല്ലാത്ത മത്സ്യത്തൊഴിലാളികൾ ഏറെയാണ്. ഈ വർഷം ആറ് കോടി രൂപയാണ് ഇതിനുവേണ്ടി അനുവദിക്കപ്പെട്ടത്; പത്തിലൊന്നുംപോലും ചെലവഴിക്കപ്പെട്ടിട്ടില്ല. ആദ്യ ഗഡു പോലും പലയിടത്തും വിതരണം ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ സ്കോളർഷിപ്പ് കൊടുക്കുന്ന ഒരു പരിപാടിയിൽ മാത്രമാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഒതുങ്ങി നിൽക്കുന്നത്. വിദ്യാഭ്യാസരംഗത്ത് മത്സ്യത്തൊഴിലാളികൾ ഏറെ പിന്നോക്കമാണ്. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ സ്ഥിതിയാണെങ്കിൽ വളരെ ശോചനീയമാണ്. കെട്ടിടങ്ങൾ തകർന്നടിഞ്ഞ സ്ഥിതിയിലാണ്. അതുകൊണ്ടുതന്നെ കുട്ടികൾ സ്കൂളിലും പോകുന്നില്ല. ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് നൽകുന്നില്ല. അതുപോലെ ആരോഗ്യമേഖലയിൽ ഫിഷറീസ് വകുപ്പിന് ഇപ്പോൾ പദ്ധതികളില്ല. ആരോഗ്യരംഗത്ത് ഏറ്റവും ശോചനീയമായ സ്ഥിതിയാണ് മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോഴുള്ളത്. മഴക്കാലം വന്നാൽ കടൽ ക്ഷോഭിച്ച് അവർ പട്ടിണിയിലാകും; അതോടൊപ്പം എല്ലാവിധ രോഗങ്ങളും തീരപ്രദേശത്ത് വിഹരിക്കുന്നത് നമുക്ക് കാണാൻ കഴിയും. അതുപോലെ അവരുടെ അന്നം മുട്ടിക്കുന്ന പണിയാണ് മണ്ണെണ്ണ കൊടുക്കുന്ന കാര്യത്തിൽ കാണിക്കുന്ന അലംഭാവം. ഇത് പല തരത്തിലും വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുകയാണ്. കാർഷിക മേഖലയിൽ മണ്ണെണ്ണ പരിശോധന ഇല്ല. മത്സ്യത്തൊഴിലാളികൾ മാത്രം കള്ളൻമാരാണെന്ന് കണക്കുകൂട്ടി പരിശോധന നടത്തി അവരെ ഹരാസ് ചെയ്യുകയാണ്. ഇത് വലിയ പാതകമാണ്. മനുഷ്യാവകാശ ലംഘനമായി കണക്കിലെടുത്ത് ഇത് നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഇവിടെ നടക്കുന്ന വലിയ ഒരു പ്രവർത്തനം എന്നു പറയുന്നത് എൻ.സി.ഡി.സി.-യുടെ ലോൺ മത്സ്യഫെഡ് സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. 654 സഹകരണ സംഘങ്ങൾ ഉള്ളതിൽ ഇപ്പോൾ 240 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. മത്സ്യഫെഡിന്റെ കീഴിലുള്ള സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ എണ്ണം എഴുപതിനായിരത്തിൽ താഴെയാണ്. മത്സ്യബന്ധനത്തിന് പോകുന്ന രണ്ടര ലക്ഷത്തോളം യഥാർത്ഥ മത്സ്യത്തൊഴിലാളികൾ ഉണ്ട്. ഇതിൽ മൂന്നിലൊന്ന് ആളുകൾക്കു മാത്രമേ ലോൺ ആനുകൂല്യം പോലും ലഭിക്കുന്നുള്ളൂ. എൻ.സി.ഡി.സി.-യുടെ ഫണ്ടായി 138 കോടി രൂപ നമ്മുടെ സർക്കാരിന് ഇതുവരെ ലഭിച്ചു. പന്ത്രണ്ട് പദ്ധതികൾ ലഭിച്ചു. ഈ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം എന്തുമാത്രം ഉയർന്നു എന്ന് പഠനം നടത്തേണ്ടതുണ്ട്. അത് റിവ്യൂ ചെയ്തതിനുശേഷം മാത്രമേ ഇനിയുള്ള പദ്ധതികൾ നടപ്പാക്കാനാകൂ. ഇത്രയൊക്കെ പദ്ധതികൾ ഉണ്ടായിട്ടും മത്സ്യത്തൊഴിലാളികളുടെ സ്ഥിതി വളരെ ദുരിതമാണ്. ഇവർക്ക് താമസിക്കാൻ വീടുകളില്ല. ആരോഗ്യ മേഖല വളരെയധികം മോശമായ സ്ഥിതിയിലാണ്. വിദ്യാഭ്യാസ രംഗം വളരെ പിന്നിലാണ്. ജീവിതനിലവാരമാണെങ്കിൽ മറ്റുള്ളവരുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ശോചനീയമായ അവസ്ഥയിലാണ്. അതുപോലെ ഇപ്പോൾ ആഴക്കടലിലെ മത്സ്യബന്ധനത്തിന് വിദേശ കുത്തകകളോടൊപ്പം അനുമതി നൽകിയിരിക്കുകയാണ്. ഇതൊരു ഇടിത്തീയായിട്ടാണ് മത്സ്യത്തൊഴിലാളികൾക്ക് അനുഭവപ്പെടുന്നത്. കാടിന്റെ മക്കൾക്ക് കാട് അന്യമായതു പോലെ, കടലിന്റെ മക്കൾക്ക് കടൽ അന്യമാകുകയാണ്. ഇത്രമാത്രം രൂക്ഷമായ സ്ഥിതിവിശേഷം അനുഭവപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയിൽ വികസന പ്രവർത്തനങ്ങൾ, ക്ഷേമപ്രവർത്തനങ്ങൾ ജനസംഖ്യാനുപാതികമായും അവരുടെ പിന്നോക്കാവസ്ഥയുടെ തീവ്രത കണക്കിലെടുത്തും നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം. മത്സ്യത്തൊഴിലാളികളുടെ ബഹുമുഖമായ ഉന്നമനത്തിനുവേണ്ടി അവർക്ക് വീട് നൽകുന്ന, എല്ലാവർക്കും വീടുണ്ടാക്കുന്ന, ആരോഗ്യരംഗത്ത് അവരുടെ നിലവാരം ഉയർത്തുന്ന, വിദ്യാഭ്യാസരംഗത്ത് അവരെ ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്ന, ലക്ഷ്യബോധത്തോടെയുള്ള സമഗ്രമായ ഒരു പാക്കേജ് പദ്ധതി നടപ്പാക്കണം എന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഞാൻ ഉന്നയിക്കുന്നത്.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച എല്ലാ കാര്യങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇന്ന് ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അതിനൊരു കാരണം കാലാകാലങ്ങളിലെ ബഡ്ജറ്റ് അലോക്കേഷൻ കുറഞ്ഞുവരുന്നതാണ്. 2001-2002-ൽ 7439 ലക്ഷം രൂപ അലോട്ട് ചെയ്തുവെങ്കിൽ ഇപ്പോഴത് കുറഞ്ഞു കുറഞ്ഞ് 5150 ലക്ഷം രൂപയായി. അതിന് പല കാരണങ്ങളും ഉണ്ട്. സ്വാഭാവികമായും ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വിഘ്നം ഉണ്ടായിട്ടുണ്ട്. കേരളത്തിലെ കാർഡുടമകൾക്ക് വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് മണ്ണെണ്ണ അലോട്ട് ചെയ്യുന്നത്. അതിൽ നിന്നും നിശ്ചിത ശതമാനം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് മത്സ്യഫെഡ് വഴിയാണ് വിതരണം ചെയ്യുന്നത്. അല്ലാതെ മത്സ്യത്തൊഴിലാളികൾക്കു മാത്രമായി ഒരു പ്രത്യേക അലോട്ട്മെന്റ് ഡൽഹിയിൽ നിന്ന് നൽകുന്നില്ല. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സംസ്ഥാനം ഭരിച്ചിരുന്ന എല്ലാ ഗവൺമെന്റുകളും ഇങ്ങനെയുള്ള സന്ദർഭത്തിൽ എം.പി.-മാരും ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെയും പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എൻ.സി.ഡി.സി. സ്കീമുകളിലൂടെയാണ് ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പല പരിപാടികളും നടന്നുകൊണ്ടിരിക്കുന്നത്. അതിൽ തന്നെ ഈ സ്കീമുകൾ ഒക്കെ ആരംഭിക്കുന്നതിനുമുമ്പ് ഹഡ്കോയിൽ നിന്നും, ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും എടുത്തിരുന്ന ബാധ്യതകൾ ഉണ്ട്. ഞങ്ങൾ ഇപ്പോൾ ചർച്ച ചെയ്ത് അതിനൊക്കെ ഒരു പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സന്ദർഭമാണ്. പക്ഷേ ആ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ബാധ്യതകൾ വളരെ വലുതാണ്. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം ആദ്യമായി 15 കോടി രൂപ കടാശ്വാസത്തിന് നൽകി. അത് മുഴുവൻ മത്സ്യ ഫെഡ് വഴി അദാലത്തുകൾ നടത്തിയാണ് കൊടുത്തിട്ടുള്ളത്. അതുപോലെ കഴിഞ്ഞ വർഷം കേന്ദ്രഗവൺമെന്റ് 15 കോടി രൂപ 'തീരസമൃദ്ധി പദ്ധതി' എന്ന പേരിൽ നൽകി അതിൽ ഒരു വീട് നന്നാക്കുന്നതിന് ഇരുപതിനായിരം രൂപ വച്ച് ഞങ്ങൾ നാലായിരം വീടുകൾക്ക് കൊടുക്കുകയുണ്ടായി. പക്ഷേ അതിന്റെ അർഹതയുള്ള ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. അതുപോലെ ഫിഷറീസ് റോഡുകൾക്ക് ഈ വർഷം ബഡ്ജറ്റിൽ ഒരു രൂപ പോലും വകകൊള്ളിച്ചിട്ടില്ല. കഴിഞ്ഞ വർഷം രണ്ട് കോടി രൂപ ഉണ്ടായിരുന്നു. അത് മുഴുവൻ ഇപ്പോൾ കൊടുത്തുതീർത്തിട്ടുണ്ട്. മത്സ്യമേഖലയിൽ ഹോസ്പിറ്റൽ കെട്ടിടം ഞങ്ങൾ പണിതുകൊടുക്കുന്നു. പക്ഷേ ബാക്കിയുള്ളത് എല്ലാം ചെയ്യേണ്ടത് ആരോഗ്യ വകുപ്പാണ്. ആരോഗ്യ വകുപ്പിനും അവരുടേതായ സാമ്പത്തിക പരിമിതികൾ വരുന്നതു കൊണ്ട് ഫിഷറീസ് മേഖലകളിലെ ആശുപത്രികളുടെ പ്രവർത്തനം നമ്മൾ ഉദ്ദേശിക്കുന്നതു പോലെ നല്ല രീതിയിൽ നടത്താൻ കഴിഞ്ഞിട്ടില്ല. . ആഴക്കടൽ മത്സ്യബന്ധനത്തെ സംബന്ധിച്ചിടത്തോളം അങ്ങും ഞാനും പാർലമെന്റിൽ ഉള്ള സന്ദർഭത്തിലാണ് മുരാരി കമ്മീഷൻ റിപ്പോർട്ട് വന്നത്. അന്ന് പാർലമെന്റിൽ എടുത്ത ശക്തമായ ഒരു തീരുമാനം പുതുതായി ആഴക്കടൽ മത്സ്യബന്ധനത്തിനു വിദേശ ട്രോളറുകൾ അനുവദിക്കരുത് എന്നാണ്. പക്ഷേ ബി.ജെ.പി. ഗവൺമെന്റ് കഴിഞ്ഞ ഒന്നാം തീയതി പതിനാറ് വിദേശ കമ്പനികൾക്ക് 32 ട്രോളറുകൾ കൊടുക്കാനുള്ള തീരുമാനം എടുത്തു. അന്ന് ഞാൻ കൽക്കട്ടയിലാണ്. വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രിയുണ്ട് ഇന്ത്യയിലെ എല്ലാ മന്ത്രിമാരും ഉണ്ട്, അന്ന് ഞാനാണ് ഈ പ്രശ്നം അവിടെ അവതരിപ്പിച്ചത്. ഒരു കാരണവശാലും സംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെടാതെ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കരുതെന്ന് കർക്കശമായ നിർദ്ദേശം അന്ന് പശ്ചിമബംഗാൾ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ എടുത്തു. കേന്ദ്ര അഗ്രികൾച്ചറൽ മിനിസ്റ്ററും ഉണ്ടായിരുന്നു. ഏതായാലും ഈ കാര്യത്തിൽ ഒരു വിട്ടുവീഴ്ച ചെയ്യാൻ നമുക്ക് കഴിയില്ല. എന്റെ അഭിപ്രായം ഞാൻ അവിടെ പറഞ്ഞിട്ടുണ്ട്. ഇത് സഭയുടെ വികാരമായി ഒരു പ്രമേയത്തിലൂടെയെങ്കിലും കേന്ദ്രഗവൺമെന്റിനെ അറിയിക്കണം. ഫിഷറീസ് മേഖലയെ സംബന്ധിച്ചിടത്തോളം മാറാട് മുതൽ തീരപ്രദേശങ്ങളിൽ മുഴുവൻ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇത് പരിഹരിക്കണമെങ്കിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വളരെ ഉദാരമായ ഒരു സമീപനം എടുത്താൽ മാത്രമേ കഴിയൂ. അതിനുള്ള സമീപനം മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഈ സഭയ്ക്കും ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മത്സ്യത്തൊഴിലാളി മേഖലയിലെ തീവ്രമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർക്ക് വീടുകൾ നിർമ്മിക്കുന്ന, ആരോഗ്യരംഗത്ത് ഇവരെ ഉയർത്തിക്കൊണ്ടുവരുന്ന, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുമോ, അതിനുവേണ്ടി പ്രവർത്തിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 'ഒരു നെല്ലും ഒരു മീനും' അതുപോലെ പൊക്കാളി കൃഷിക്കും പണം അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക അൽപ്പം കുറവാണെങ്കിലും, ഈ പ്രാവശ്യത്തെ ബഡ്ജറ്റ് ജോബ് ഓറിയന്റഡാണ്.

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് പരാതികൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ബഡ്ജറ്റിൽ കിട്ടുന്ന പ്രൊവിഷൻ അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടാവുന്ന മുഴുവൻ സഹായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ആദ്യമായിട്ടാണ് കഴിഞ്ഞ വർഷം മുഖ്യമന്ത്രി തന്നെ നേരിട്ട് പ്ലാനിംഗ് കമ്മീഷനുമായി ബന്ധപ്പെട്ടതിനുശേഷം നമുക്ക് പതിനഞ്ചു കോടി രൂപ നൽകിയത്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒരു ഉദാരമായ സമീപനം എടുത്താൽ മാത്രമേ ബഹുമാനപ്പെട്ട അംഗം പറഞ്ഞ മുഴുവൻ കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയൂ.

III. സബ്മിഷൻ

(1) കല്ലറ സർക്കാർ ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ് കല്ലറ ആശുപത്രി. ഏതാണ്ട് നാലഞ്ചു പഞ്ചായത്തുകൾ, ചടയമംഗലം, വാമനപുരം, അതുപോലെ കിളിമാനൂർ മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ഈ ആശുപത്രി. അതിന്റെ ശോചനീയാവസ്ഥയെപ്പറ്റി നിരവധി പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയതാണ്. ഏതാണ്ട് നൂറ് ഇൻ-പേഷ്യന്റ്സും അഞ്ഞൂറ് ഔട്ട്-പേഷ്യന്റ്സും ദിവസവും വരുന്ന ഈ ആശുപത്രിയെ കഴിഞ്ഞ ഗവൺമെന്റ് ഫസ്റ്റ് റഫറൽ യൂണിറ്റായി പ്രഖ്യാപിച്ചതാണ്; പക്ഷേ അത് നടപ്പിലായില്ല. അതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഈ ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സമരം ചെയ്യുന്ന ആശുപത്രി സംരക്ഷണ സമിതിക്കാരെ വിളിച്ച് ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കല്ലറ പ്രൈമറി ഹെൽത്ത് സെന്റർ ഉൾപ്പെടെ പതിനെട്ടോളം പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്താനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പരാധീനതമൂലം അത്തരം നിർദ്ദേശം പരിഗണിക്കാൻ പ്രയാസമുണ്ട് എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ഇപ്പോൾ ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി എഴുപതിനായിരത്തിനാന്നൂറ്റി അൻപത്തിയാറ് രൂപ മൊത്തം ഇതിന് ചെലവ് വരും. ഇന്നത്തെ സാമ്പത്തിക നില പരിഗണിച്ച് ഗവൺമെന്റിന് ഇതിന് സാധിക്കില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറെ ഖേദപൂർവ്വം അറിയിക്കാനുള്ളത്.

(2) മെഡിക്കൽ കോളേജുകളിലെ 2004-2005 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം

ശ്രീ. കെ. മുഹമ്മദാലി: സർ, മതിയായ സൗകര്യം ഇല്ല എന്നുള്ളതിന്റെ പേരിൽ 7 മെഡിക്കൽ കോളേജുകളിലെ 2004-2005 വർഷത്തേക്കുള്ള പ്രവേശനം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തടഞ്ഞിരിക്കുകയാണ്. പക്ഷേ ഇന്ന് അവിടെ പരീക്ഷാവിഭാഗം പ്രവേശന

LIBRARY ARCHIVES Kerala Legislative Assembly